## 847

എന്നാളും എന്നെ കരുതുന്ന കർത്താവേ
നീ മാത്രം എൻ നല്ല മിത്രം ഇപ്പാരിൽ നീയല്ലാതില്ലെനിക്കാശ്രയം
എപ്പോഴും പാടും ഞാൻ സ്തോത്രം

1 ആകുല നേരത്തിൽ ആവശ്യ ഭാരത്താൽ
അകംനൊന്തു കരയുന്ന നേരം അരികത്തണഞ്ഞെന്നിൽ
ആശ്വാസമരുളുന്നു അലിവുള്ള മിത്രം നീ മാത്രം-

2 ആപത്തനർത്ഥമെൻ ജീവിതയാത്രയിൽ
അതിദു:ഖം വിതറുമ്പോൾ നാഥാ അവിടുത്തെ തിരുമുഖം
ദർശിക്കും നേരത്തെൻ അഴലെല്ലാം അകലുന്നു ദൂരെ-

3 അലയാഴി തന്നിലെൻ വിശ്വാസ നൗകയിൽ
അലയാതെയെൻ യാനം തുടരാൻ അലകളിൻമീതെ നടന്ന
നിൻപാദമാണ-ഭയമെന്നാളുമെൻ നാഥാ-

4 അഖിലാണ്ഡമുളവാകും അതിനെല്ലാം മുന്നമേ
അഖിലേശാ! എന്നെ നീ ഓർത്തു അതിനാൽ നിന്നടിമലർ
ചുംബിച്ചു ഞാനിന്നു അതിമോദം പാടുന്നു സ്തോത്രം-

**G.P.**